09-04-2022

SATURDAY ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

**Chief Editor : Sunilkumar R** **Editor : Dr Asha T T**

Farm Information Bureau, Kowdiar, Thiruvananthapuram – 695003,

Website: fibkerala.gov.in E-mail:piofibtvm@gmail.com Telephone: 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-09/04/2022.

1. നാളികേര വികസന ബോർഡിന്റെ നേര്യമംഗലം വിത്തുൽപാദന പ്രദർശന തോട്ടത്തിൽ അടുത്ത നടീൽ സീസണിലേയ്ക്ക് ആവശ്യമായ **നെടിയ, കുറിയ (ചാവക്കാട് പച്ച, ചാവക്കാട് ഓറഞ്ച്)** ഇനങ്ങളുടെ ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ വിൽപനയ്ക്ക് തയ്യാറായിട്ടുണ്ട്. നെടിയ ഇനം തൈകൾ 100 രൂപ നിരക്കിലും കുറിയ ഇനങ്ങൾ 110 രൂപ നിരക്കിലുമാണ് വിതരണം ചെയ്യുന്നത്. ആവശ്യമുള്ള കൃഷിക്കാരും ബന്ധപ്പെട്ട കൃഷി ഓഫീസർമാരും ഫാമിലെത്തി തൈകൾ നേരിട്ട് വാങ്ങാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0485 2554240** എന്ന ഫോണിൽ ബന്ധപ്പെടുകയോ f-neriamangalam@coconutboard.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യാവുന്നതാണ്.

2. കേന്ദ്ര കർഷക സഹായ പദ്ധതിയായ **പിഎം കുസും കോംപോണേന്റ് ബി** യുടെ രജിസ്ട്രേഷൻ ജില്ലാ ഓഫീസുകൾ മുഖേന നടത്താവുന്നതാണ്. ഈ പദ്ധതി പ്രകാരം വൈദ്യുതേതര കാർഷിക പമ്പുകളെ സോളാർ പമ്പുകളാക്കി മാറ്റി ഇന്ധനവില ലാഭിക്കാൻ കർഷകർക്ക് സാധിക്കുന്നു. ഈ പദ്ധതിയിൽ കർഷകർ സ്ഥാപിക്കുന്ന പമ്പുകൾക്ക് 60 ശതമാനം വരെ കേന്ദ്ര-സംസ്ഥാന സബ്സിഡി നൽകുന്നുണ്ട്. വൈദ്യുതേതര പമ്പുകൾ ഉപയോഗിക്കുന്ന എല്ലാ കർഷകർക്കും ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. വിശദവിവരങ്ങൾക്ക് അനെർട്ടിന്റെ ജില്ലാ ഓഫീസുമായി ബന്ധപ്പെടുക. കൂടാതെ **പി.എം കുസും കോംപോണേന്റ് സി** പ്രകാരം കാർഷിക കണക്ഷനോടു കൂടിയ പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്നു. ഇതിൽ കർഷകന്റെ വൈദ്യുത ബില്ല് കുറച്ചുകൊണ്ടു വരുകയും അധിക വൈദ്യുതി ഉത്പാദിപ്പിക്കുന്നത് ഗ്രിഡിലേക്കു നൽകി പൈസ ലഭിക്കുകയും ചെയ്യും. പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്നതിനും 60 ശതമാനം വരെ കേന്ദ്ര-സംസ്ഥാന സബ്സിഡി ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9188119401** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

3. ഉള്ളൂർ സ്റ്റേറ്റ് സീഡ് ഫാമിലെ 5 മാസം മുതൽ 2 വർഷവും 9 മാസവും വരെ പ്രായമുള്ള 15 മുട്ടനാടുകളെയും പെണ്ണാടുകളെയും ഏപ്രിൽ മാസം 11-ന് പകൽ 11 മണിക്ക് പരസ്യലേലം വഴി വിൽപ്പന നടത്തുന്നു. ലേലത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ ഏപ്രിൽ 11 -ന് രാവിലെ 10.30 നു മുമ്പായി പേര്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രജിസ്റ്റർ ചെയ്യേണ്ടതും 1000 രൂപ നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതുമാണ് കൂടുതൽ വിവരങ്ങൾ എല്ലാ പ്രവർത്തി ദിവസങ്ങളിലും ഓഫീസിൽ നിന്നും നേരിട്ട് അറിയാവുന്നതാണ്.

4. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള കുടപ്പനക്കുന്ന് ബ്രോയിലർ ബ്രീഡർ ഫാമിലെ മുട്ടയുത്പാദാനം കഴിഞ്ഞതും ഏകദേശം 4.5 കിലോ ഭാരമുള്ളതുമായ മാതൃ-പിതൃ ശേഖരത്തിൽപ്പെട്ട രണ്ടായിരത്തിൽപ്പരം കോഴികളെ സ്റ്റോക്ക് തീരുന്നതുവരെ ദിവസവും രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണി വരെ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ടെന്ന് മാനേജിംഗ് ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **0471-2478585, 9495000914** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

5. റബ്ബർബോർഡ് വെർച്ചൽ ട്രേഡ് ഫെയറിന്റെ (വി.റ്റി.എഫ്.) രണ്ടാം സീസൺ ആരംഭിച്ചു. 190 പ്രദർശകർ പങ്കെടുക്കുന്ന ഈ ട്രേഡ് ഫെയർ ആട്ടോമൊബൈൽ ടയർ മുതൽ റബ്ബർബാൻഡ് വരെയുള്ള വിവിധ റബ്ബറുത്പന്നവിഭാഗങ്ങൾ അടങ്ങുന്നതാണ്. അടുത്ത ആറു മാസക്കാലത്തേക്ക് ഫെയർ സജീവമായിരിക്കും. https://vtf.rubberboard.org.in/rubberboard എന്ന ലിങ്കിലൂടെ വെർച്വൽ ട്രെയ്ഡ് ഫെയറിൽ പ്രവേശിക്കാം. റബ്ബറിനും റബ്ബറുത്പന്നങ്ങൾക്കും ആഭ്യന്തര- അന്താരാഷ്ട്രവിപണികളിൽ പ്രോത്സാഹനം നൽകുന്നതിനായി ഒരുക്കിയിട്ടുള്ള ചെലവു കുറഞ്ഞ ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോമാണ് വി.റ്റി.എഫ്.

**പരിശീലന പരിപാടികൾ**

6. തേനീച്ചവളർത്തലിൽ റബ്ബർബോർഡ് നടത്തുന്ന ഏകദിനപരിശീലനം ഈ മാസം 12-ന് (എപ്രിൽ 12) കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വച്ച് നടക്കും. റബ്ബർതോട്ടങ്ങളിൽനിന്നുള്ള അധികവരുമാനമാർഗ്ഗം എന്ന നിലയ്ക്കാണ് ഈ വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **7994650941** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം.

7. കേരള കാർഷിക സർവകലാശാല ഇ -പഠന കേന്ദ്രം "**രോഗ കീട നിയന്ത്രണം ജൈവ ജീവാണു മാർഗങ്ങളിലൂടെ**" എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലന പരിപാടി ഈ മാസം 14-ന് (ഏപ്രിൽ14) തുടങ്ങുന്നു. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി ഈ മാസം 13 (ഏപ്രിൽ 13) ആണ്. പത്ത്

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ് ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ ജയിക്കുന്നവർക്ക് ആവശ്യമെങ്കിൽ നിശ്ചിത ഫീസ് വാങ്ങി സർട്ടിഫിക്കറ്റ് നൽകും. www.celkau.in/MOOC/Default.aspx എന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്യാം.

**കാർഷിക നിർദ്ദേശങ്ങൾ**

8. സംസ്ഥാനത്തെ താപനില കുറയാതെ തുടരുന്ന സാഹചര്യത്തിൽ കാർഷിക രംഗത്ത് അനുവർത്തിക്കാവുന്ന മുൻകരുതലുകളും പരിപാലന മുറകളും ഇനി പറയുന്നു.

കാർഷിക പ്രവർത്തനങ്ങൾ പകൽ 12 മുതൽ 3 വരെയുള്ള സമയത്ത് ഒഴിവാക്കേണ്ടതാണ്. രാസകീടനാശിനികൾ ഒരു കാരണവശാലും ഈ സമയത്ത് പ്രയോഗിക്കാൻ പാടുള്ളതല്ല. ഭൂമിക്ക് ആവരണം എന്ന നിലയ്ക്ക് പുതയിടൽ ഏറ്റവും ആവശ്യം അതുവർത്തിക്കേണ്ടതാണ്. മണ്ണിലുള്ള ഈർപ്പം നഷ്ടപ്പെടാതിരിക്കുന്നതിന് സഹായകരമാകുന്ന വിധം ഒരു പുതപ്പിന്റെ ധർമം നിർവഹിക്കുകയാണ് ഇത് ചെയ്യുന്നത്. ബാഷ്പീകരണം മൂലം ജലം നഷ്ടപ്പെട്ടുപോകുന്നതും ഇതുമൂലം പരിമിതപ്പെടുന്നു.

9. അന്തരിക്ഷ ഊഷ്മാവ് കൂടി വരുന്നതിനാൽ **വെണ്ടയിൽ പച്ചത്തുള്ളട**നെ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി ആഴ്ചയിലൊരിക്കൽ രണ്ട് ശതമാനം വീര്യമുള്ള **വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം** തളിക്കുക. അല്ലെങ്കിൽ 20 ഗ്രാം **ലെക്കാനിസിലിയം ലെക്കാനി** ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം